"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ബ്രഹ്മപുരം ഖരമാലിന്യ സംസ്കരണ പ്ലാന്റ് രണ്ടാം ഘട്ട നിർമ്മാണം - സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് 48 LAR കേസുകളിലെ വിധിക്കടത്തുക ഒടുക്കുന്നത് - കൊച്ചി കോർപ്പറേഷൻ സെക്രട്ടറിക്ക് റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(കൈ) നം.226/2025/LSGD തീയതി, തിരുവനന്തപുരം, 10-12-2025**

---

പരാമർശം:-

1. സ.ഉ (സാധാ) നം. 749/2008/ത.സ്വ.ഭ.വ, തീയതി 13/03/2008.
2. ബഹു. സുപ്രീം കോടതിയുടെ 21.2.2025 തിയതിയിലെ SLP(C)Dy.No.959/2025
3. കൊച്ചി കോർപ്പറേഷൻ സെക്രട്ടറിയുടെ 22/04/2025 തീയതിയിലെ MOPO2/24139/2008 നമ്പർ കത്ത്.
4. എറണാകുളം ജില്ലാ കളക്ടറുടെ 26/07/2025, 23/10/2025 തീയതികളിലെ DCEKM/3257/2019-S4 നമ്പർ കത്ത്.
5. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 18/10/2025 ലെ LSGD/PD/16004/2025-REV-5 നമ്പർ കത്ത്.
6. സ.ഉ (കൈ) നം. 223/2025/ത.സ്വ.ഭ.വ, തീയതി, 15-11-2025.
7. സ.ഉ (സാധാ) നം. 9690/2025/ധന, തീയതി, 02/12/2025.

**ഉത്തരവ്**

കൊച്ചി നഗരസഭയിലെ ബ്രഹ്മപുരം ഖരമാലിന്യ സംസ്കരണ പ്ലാന്റിന്റെ രണ്ടാം ഘട്ട നിർമ്മാണ ആവശ്യത്തിനായി എറണാകുളം ജില്ലയിൽ കുന്നത്തുനാട് താലൂക്കിൽ പുത്തൻകുരിശ് വില്ലേജിലെ വിവിധ സർവ്വെ നമ്പറുകളിൽപ്പെട്ട സ്ഥലം അർജൻസി ക്ലോസിൽ ഉൾപ്പെടുത്തി ഏറ്റെടുക്കുന്നതിന് പരാമർശം (1) പ്രകാരം സർക്കാർ അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ടി സ്ഥലം കൊച്ചി കോർപ്പറേഷൻ സെക്രട്ടറിക്ക്, കൊച്ചി കോർപറേഷൻ സ്പെഷ്യൽ തഹസിൽദാർ (ലാന്റ് അക്വിസിഷൻ) മുഖേന ഏറ്റെടുത്ത് നൽകിയിട്ടുള്ളതാണ്.

ബ്രഹ്മപുരം ഖരമാലിന്യ സംസ്കരണ പ്ലാൻറ് രണ്ടാം ഘട്ട നിർമ്മാണവുമായി ബന്ധപ്പെട്ട കേസിൽ സർക്കാർ ബഹു. സുപ്രീം കോടതിയിൽ സമർപ്പിച്ച വിവിധ LAA കേസുകളിന്മേലുള്ള പരാമർശം (2) പ്രകാരമുള്ള ഉത്തരവിൽ, റഫറൻസ് കോടതി വിധി പ്രകാരമുള്ള വിധിക്കടം

ആറാഴ്ചക്കുള്ളിൽ ഒടുക്ക് വരുത്തേണ്ടതാണ് എന്ന് ഉത്തരവായിട്ടുള്ളതാണ്. നിലവിൽ കൊച്ചി കോർപ്പറേഷൻ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണെന്നും ഇത്രയും തുക അടവാക്കുന്നതിന് നഗരസഭയ്ക്ക് സാധിക്കാത്തതാണെന്നും ആയതിനാൽ നിലവിലെ നഗരസഭയുടെ സാമ്പത്തികസാഹചര്യം കണക്കിലാക്കി ജപ്തി നടപടികൾ ഒഴിവാക്കുന്നതിനായി ബഹു. സുപ്രീം കോടതിയുടെ വിധി നടപ്പിലാക്കുന്നതിനായി ബ്രഹ്മപുരം LAR കേസുകളിലെ വിധിക്കടത്തുക ഒടുക്ക് വരുത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് പരാമർശം (3) പ്രകാരം കൊച്ചി കോർപ്പറേഷൻ സെക്രട്ടറി സർക്കാരിനോട് അപേക്ഷിക്കുകയുണ്ടായി.

ബ്രഹ്മപുരം ഖരമാലിന്യ സംസ്കരണ പ്ലാന്റിന് ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ഇത് വരെ വിധിക്കടത്തുക നൽകുവാനുള്ള 48 LAR കേസുകളിൽ വിധിക്കടത്തുക അടവാക്കുന്നതിന് 85,40,93,282/-രൂപയുടെ (എൺപത്തിയഞ്ചുകോടി നാല്പത് ലക്ഷത്തി തൊണ്ണൂറ്റി മൂവായിരത്തി ഇരുനൂറ്റി എൺപത്തി രണ്ട് രൂപ മാത്രം) ഭരണാനുമതി നൽകണമെന്ന് പരാമർശം (4) പ്രകാരം എറണാകുളം ജില്ലാ കളക്ടർ അഭ്യർത്ഥിച്ചിരുന്നു. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ടി തുക അനുവദിക്കണമെന്ന് പരാമർശം (5) പ്രകാരം സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബ്രഹ്മപുരം ഖരമാലിന്യ സംസ്കരണ പ്ലാന്റിന്റെ രണ്ടാം ഘട്ട ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് നിലവിൽ നൽകുവാനുള്ള 48 LAR കേസുകളിന്മേലുള്ള വിധിക്കടത്തുക ഒടുക്കുന്നതിലേക്കായി 30/11/2025 വരെയുള്ള പലിശ ഉൾപ്പെടെ 85,40,93,282/-രൂപ (എൺപത്തിയഞ്ചുകോടി നാല്പത് ലക്ഷത്തി തൊണ്ണൂറ്റിമൂവായിരത്തി ഇരുനൂറ്റി എൺപത്തി രണ്ടു രൂപ മാത്രം) അനുവദിക്കുന്നതിന് പരാമർശം (6) പ്രകാരം ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി വിധിക്കടത്തുക ഒടുക്കുന്നതിനായി പരാമർശം (7) പ്രകാരം അധിക ധനാനുമതിയായി 85,40,94,000/-രൂപ (എൺപത്തിയഞ്ചുകോടി നാല്പത് ലക്ഷത്തി തൊണ്ണൂറ്റിനാലായിരം രൂപ) "6217-60-190-99-Loans to Kerala Urban Development Corporation (plan-Voted) എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുണ്ട്.

ബ്രഹ്മപുരം ഖരമാലിന്യ സംസ്കരണ പ്ലാന്റിന്റെ രണ്ടാം ഘട്ട ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് നിലവിൽ പെന്റിംഗായിട്ടുള്ള 48 LAR കേസുകളിന്മേലുള്ള വിധിക്കടതുക ഒടുക്കുന്നതിലേക്കായി അധിക ധനാനുമതിയായി പരാമർശം (7) പ്രകാരം അനുവദിച്ചിട്ടുള്ള രൂ. 85,40,94,000/- (എൺപത്തിയഞ്ചു കോടി നാല്പത് ലക്ഷത്തി തൊണ്ണൂറ്റി നാലായിരം രൂപ) കൊച്ചി നഗരസഭാ സെക്രട്ടറിക്ക് ട്രാൻസ്ഫർ ചെയ്തു നൽകുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു. ടി തുക കൊച്ചി കോർപ്പറേഷന്റെ വികസന ഫണ്ടിൽ നിന്നും സർക്കാർ തവണകളായി തിരിച്ചുപിടിക്കുന്നതിനും ഉത്തരവാകുന്നു.

ഈ സാമ്പത്തിക വർഷം അവസാനിക്കുന്നതിനുമുമ്പ്, Reappropriation of Savings വഴിയോ / Supplementary Demands for Grants വഴിയോ ഈ അധിക ധനാനുമതി തുക യഥാവിധി ക്രമപ്പെടുത്തുന്നതിന് തദ്ദേശ സ്വംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സമയബന്ധിതമായി നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ടിങ്കു ബിസ്വാൾ**

**പ്രിൻസിപ്പൽ സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.

സെക്രട്ടറി, കൊച്ചി നഗരസഭ.
ജില്ലാ കളക്ടർ, എറണാകുളം.
അഡ്വക്കേറ്റ് ജനറൽ കേരളം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് & എ&ഇ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (03/02/2025 -ലെ DEV-2/150/2025/Fin പ്രകാരം).
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ആർ. ഇ 2/104/2025/ത.സ്വ.ഭ.വ).

ഉത്തരവിൻ പ്രകാരം
Signed by
Biju. B
Date: 11-12-2025 16:02:10
സെക്ഷൻ ഓഫീസർ